മംഗളം

22 September 2017

# മണ്ണില്ലാ നടീൽ മിശ്രിതം നാട്ടിലും നഗരത്തിലും സൂപ്പർഹിറ്റ്



▪ സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ച മണ്ണില്ലാ നടീൽ മിശ്രിതം വാങ്ങാനെത്തിയവർ.

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കീഴിലെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ച പുതിയ മണ്ണില്ലാ നടീൽ മിശ്രിതം നാട്ടിലും നഗരത്തിലും സൂപ്പർഹിറ്റ്. മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ടമായ നടീൽ മിശ്രിതം പൊതുജനങ്ങൾക്കായി പരിചയപ്പെടുത്തുന്നതിന് വേണ്ടി സംഘടിപ്പിച്ച വിപണ മേളയിൽ വൻതിരക്കാണ് അനുഭവപ്പെട്ടത്.

ആയിരത്തോളം പേരാണ് മിശ്രിതം വാങ്ങാനായി സിഎംഎഫ്ആർഐയിൽ എത്തിയത്. മേളയിൽ അയ്യായിരത്തോളം പായ്ക്കറ്റുകൾക്ക് മുൻകൂർ ബുക്കിംഗും ലഭിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിൽ ജൈവ കൃഷി ചെയ്യുന്നവർക്ക് പ്രയോജനമാണു കെ.വി.കെ വികസിപ്പിച്ച പുതിയ നടീൽ മിശ്രിതം. മണ്ണിന്റെ ദൗർലഭ്യം നേരിടുന്ന നഗരത്തിൽ പോഷകമൂല്യം കൂടിയ മണ്ണില്ലാ മിശ്രിതത്തിന്റെ പത്ത് കിലോയുടെ ഒരു പായ്ക്കറ്റിൽ ഗ്രോബാഗ് ഇല്ലാതെ തന്നെ നേരിട്ട് കൃഷി ചെയ്യാം. ഒരു പായ്ക്കറ്റിൽ ഒരു തൈ എന്ന നിരക്കിലാണ് കൃഷി ചെയ്യേണ്ടത്.

മിശ്രിതം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം നടത്താൻ താൽപര്യമറിയിച്ചും നിരവധി പേർ മേളയിലെത്തി. സംരംഭകരാകാൻ താൽപര്യം പ്രകടിപ്പിച്ച 70 ഓളം പേർക്ക് മേളയിലെ ബിസിനസ് ഡസ്ക്കിൽ നിന്ന് ആവശ്യമായ വിവരങ്ങൾ കൈമാറി.

ഉൽപാദനത്തിന് വേണ്ട നിക്ഷേപം, ആവശ്യമായ അസംസ്കൃതവസ്തുക്കൾ തുടങ്ങിയ വിവരങ്ങളാണ് നൽകിയത്. സംരംഭകരാകാൻ താൽപര്യമറിയിച്ചവർക്ക് കൃഷി വിജ്ഞാന കേന്ദ്രത്തിന് കീഴിൽ പിന്നീട് പരിശീലനം നൽകും.

താൽപര്യമുള്ള സ്വയം സഹായക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, മറ്റുള്ളവർക്കും കൃഷി വിജ്ഞാന കേന്ദ്രത്തെ സമീപിക്കാം.കൂടാതെ, വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക്, വിവിധ ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടനാശിനി തുടങ്ങി കെവികെയുടെ മറ്റ് ഉൽപ്പന്നങ്ങൾ വാങ്ങാനും മേളയിൽ തിരക്കനുഭവപ്പെട്ടു.

ഈ ഉൽപ്പന്നങ്ങൾ ലഭിക്കുന്ന കെവികെ വിപണന കേന്ദ്രം സിഎംഎഫ്ആർഐയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്നുണ്ട്.

മണ്ണില്ലാ നടീൽ മിശ്രിതത്തിന് ലഭിച്ച വൻ ഡിമാന്റ് പരിഗണിച്ച് ഈ മാസം 26 ന് വീണ്ടും വിപണ മേള നടത്തുമെന്ന് കെ വി കെ മേധാവി ഡോ ഷിനോജ് സുബ്രമണ്യൻ അറിയിച്ചു. ഫോൺ: 8281757450 .